221

ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# തടവുകാരുടെ സ്വദേശ പ്രത്യാവർത്തന ആക്റ്റ്, 2003
## (2003-ലെ 49-ാം നമ്പർ ആക്റ്റ്)

(2006 ഡിസംബർ 14-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE REPATRIATION OF PRISONERS ACT, 2003
## (ACT No. 49 OF 2003)

(As on 14th December, 2006)

വില : രൂപ 27.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2008

## ആമുഖം

2006 ഡിസംബർ 14-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള തടവുകാരുടെ സ്വദേശ പ്രത്യാവർത്തന ആക്റ്റ്, 2003 (2003-ലെ 49-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 ഫെബ്രുവരി 7-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 2-ാം നമ്പരായി 23 മുതൽ 29 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of the Repatriation of Prisoners Act, 2003 (Act No. 49 of 2003) as on 14th December, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, section 1, Vol. 1, No. 2 dated 7th February, 2007 on pages 23 to 29.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/1536/2007

## തടവുകാരുടെ സ്വദേശ പ്രത്യാവർത്തന ആക്റ്റ്, 2003

(2003-ലെ 49-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം


| *വകുപ്പുകൾ* | | *പേജ്* |
|---|---|---|
| 1. ചുരുക്കപ്പേരും പ്രാരംഭവും | .. | 1 |
| 2. നിർവ്വചനങ്ങൾ | .. | 1 |
| 3. ആക്റ്റിന്റെ ബാധകത | .. | 1 |
| 4. കൈമാറ്റം ചെയ്യുന്നതിനുള്ള തടവുകാരന്റെ അപേക്ഷ | .. | 2 |
| 5. കേന്ദ്രസർക്കാർ അപേക്ഷ പരിഗണിക്കൽ | .. | 2 |
| 6. കരാർ രാഷ്ട്രത്തിന്റെ അഭിപ്രായങ്ങൾ | .. | 2 |
| 7. കേന്ദ്രസർക്കാർ അപേക്ഷ പരിഗണിക്കൽ | .. | 3 |
| 8. കൈമാറ്റം ചെയ്യുന്നതിന് വാറണ്ട് പുറപ്പെടുവിക്കുന്നതിനുള്ള വ്യവസ്ഥ | .. | 3 |
| 9. വാറണ്ട് പ്രാവർത്തികമാക്കലും തടവുകാരനെ തിരിച്ചെടുക്കലും | .. | 4 |
| 10. റിക്കാർഡുകളുടെ കൈമാറ്റം | .. | 4 |
| 11. കോടതിയുടെയും കേന്ദ്രസർക്കാരിന്റെയും അധികാരങ്ങളെ ബാധിക്കുകയില്ലെന്ന് | .. | 4 |
| 12. ഭാരതത്തിലേക്കുള്ള കൈമാറ്റം | .. | 4 |
| 13. ഭാരതത്തിൽ കൈമാറ്റം സ്വീകരിക്കുന്നതിനുവേണ്ടി കാരാഗൃഹം തീർച്ചപ്പെടുത്തലും വാറണ്ട് പുറപ്പെടുവിക്കലും | .. | 4 |
| 14. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം | .. | 5 |
| 15. ചട്ടങ്ങളും മറ്റും മേശപ്പുറത്ത് വയ്ക്കൽ | .. | 6 |
| 16. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം | .. | 6 |


3/1536/2007

# തടവുകാരുടെ സ്വദേശ പ്രത്യാവർത്തന ആക്റ്റ്, 2003

(2003-ലെ 49-ാം നമ്പർ ആക്റ്റ്)

[2003 സെപ്റ്റംബർ, 28]

ചില തടവുകാരെ, ഭാരതത്തിൽ നിന്നും പുറത്തുള്ള രാജ്യത്തിലേക്കോ സ്ഥലത്തേക്കോ മാററുന്നതിനും ചില തടവുകാരെ ഭാരതത്തിന് പുറത്തുള്ള രാജ്യത്തു നിന്നോ സ്ഥലത്തുനിന്നോ സ്വീകരിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് തടവുകാരുടെ സ്വദേശ പ്രത്യാവർത്തന ആക്റ്റ്, 2003 എന്നു പേർ പറയാവുന്നതാണ്.

(2) ഇത്, കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന *തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "കരാർ രാഷ്ട്രം" എന്നാൽ ഭാരതത്തിൽ നിന്നും ഉടമ്പടി മൂലമോ മറ്റു രീതിയിലോ ഭാരതത്തിന് പുറത്തുള്ള ഏതൊരു രാജ്യത്തേക്കോ സ്ഥലത്തേക്കോ തടവുകാരെ കൈമാറ്റം ചെയ്യുന്നതിനായി കേന്ദ്രസർക്കാർ ഏർപ്പാടുണ്ടാക്കിയിട്ടുള്ള അപ്രകാരമുള്ള രാജ്യത്തെയോ സ്ഥലത്തെയോ ഒരു സർക്കാരും അതിൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പനുസരിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനംവഴി നിർദ്ദേശിക്കാവുന്ന അപ്രകാരമുള്ള രാജ്യത്തെയോ സ്ഥലത്തെയോ മറ്റു സർക്കാരും ഉൾപ്പെടുന്നു;

(ഖ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഗ) "തടവുകാർ" എന്നാൽ കരാർ രാഷ്ട്രങ്ങളിൽ നിലനില്ക്കുന്ന നിയമത്തിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള കോടതികളുൾപ്പെടെയുള്ള ഒരു ക്രിമിനൽ കോടതി പാസ്സാക്കിയ ഉത്തരവിൻമേൽ തടവുശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തി എന്നർത്ഥമാകുന്നു;

(ഘ) "വാറണ്ട്" എന്നാൽ, അതത് സംഗതിപോലെ, 7-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമോ 12-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരമോ പുറപ്പെടുവിച്ച ഒരു വാറണ്ട് എന്നർത്ഥമാകുന്നു;

(ങ) ഇതിലുപയോഗിച്ചിട്ടുള്ളതും വിശദീകരിച്ചിട്ടില്ലാത്തതും എന്നാൽ, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ വിശദീകരിച്ചിട്ടുള്ളതുമായ പദങ്ങൾക്കും പദപ്രയോഗങ്ങൾക്കും ആ സംഹിതയിൽ യഥാക്രമം നല്കിയിട്ടുള്ള അർത്ഥങ്ങളായിരിക്കുന്നതാണ്.

3. ആക്റ്റിന്റെ ബാധകത.—(1) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന രീതിയിൽ ഭാരതത്തിന് പുറത്തുള്ള രാജ്യത്തോ സ്ഥലത്തോ ബാധകമാക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള വിജ്ഞാപനം, തടവുകാരെ കൈമാറ്റം ചെയ്യുന്നതിന് വേണ്ടി ഭാരതത്തിന് പുറത്തുള്ള ഒരു രാജ്യമോ സ്ഥലമോ തമ്മിൽ ഭാരതം ഉണ്ടാക്കിയിട്ടുള്ള ഒരു ഉടമ്പടി സംബന്ധിച്ചുള്ളതാണെങ്കിൽ, പ്രസ്തുത വിജ്ഞാപനം പ്രസ്തുത ഉടമ്പടിയുടെ പൂർണ്ണരൂപം പ്രതിപാദിക്കേണ്ടതും, ആ ഉടമ്പടി യാതൊരു കാരണവശാലും ഉടമ്പടിയുടെ കാലാവധിക്കപ്പുറം പ്രാബല്യമുണ്ടായിരിക്കാൻ പാടില്ലാത്തതുമാകുന്നു.

* 24-12-2003-ലെ വിജ്ഞാപനം നമ്പർ എസ്. ഒ. 1464 (ങ) പ്രകാരം 1-1-2004-ൽ പ്രാബല്യത്തിൽ വന്നു.

(3) ഭാരതത്തിന് പുറത്തുള്ള രാജ്യത്തെയോ സ്ഥലത്തെയോ സംബന്ധിക്കുന്ന ഒരു ഉടമ്പടി ഈ ആക്റ്റിലെ വ്യവസ്ഥകൾ ഭേദഗതി വരുത്തിയാലേ പ്രാബല്യം നല്കാൻ കഴിയൂ എന്ന് കേന്ദ്രസർക്കാരിന് അഭിപ്രായമുള്ളപക്ഷം, അത്തരം രാജ്യങ്ങളെ ഈ ആക്റ്റിന്റെ ബാധകത വിജ്ഞാപനത്തിൽ നിർദ്ദേശിച്ചേക്കാവുന്ന വ്യവസ്ഥകൾക്കും, ഒഴിവാക്കലുകൾക്കും, ഭേദഗതികൾക്കും വിധേയമായിട്ടായിരിക്കുമെന്ന് കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി നിർദ്ദേശിക്കാവുന്നതാണ്.

4. കൈമാറ്റം ചെയ്യുന്നതിനുള്ള തടവുകാരന്റെ അപേക്ഷ.—കരാർ രാഷ്ട്രത്തിന്റെ പൗരനായ ഏതൊരു തടവുകാരനും തന്റെ കസ്റ്റഡി ഭാരതത്തിൽ നിന്നും ആ കരാർ രാഷ്ട്രത്തിലേക്ക് കൈമാറ്റം ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, അനാരോഗ്യമോ മാനസികാവസ്ഥയോ വാർദ്ധക്യമോ മൈനറായിരിക്കുന്നതോ ആയ കാരണങ്ങളാൽ ഒരു തടവുകാരന് അപേക്ഷിക്കാൻ കഴിയാതെവരികയാണെങ്കിൽ, തനിക്കുവേണ്ടി പ്രവർത്തിക്കാൻ അവകാശമുള്ള ഏതൊരാൾക്കും അപേക്ഷിക്കാവുന്നതാണ്.

5. കേന്ദ്രസർക്കാർ അപേക്ഷ പരിഗണിക്കൽ.—(1) കേന്ദ്രസർക്കാർ, 4-ാം വകുപ്പു പ്രകാരമുള്ള അപേക്ഷ ലഭിച്ചാൽ, തടവുകാരൻ കഴിയുന്ന കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് കൈമാറ്റം ചെയ്യപ്പെടുന്നതിന് ബാധകമാണെന്ന് സർക്കാരിന് അഭിപ്രായമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള വിവരം ലഭിച്ചതിൻമേൽ, കേന്ദ്രസർക്കാരിന്,—

(ക) തടവുകാരനെതിരെ അന്വേഷണമോ വിചാരണയോ മറ്റു നടപടിയോ നിലനില്ക്കുന്നില്ലെന്നും ;

(ഖ) തടവുകാരന് മരണശിക്ഷ വിധിച്ചിട്ടില്ലെന്നും ;

(ഗ) തടവുകാരന് പട്ടാളനിയമത്തിൻകീഴിലുള്ള ഒരു കുറ്റത്തിൻമേൽ കുറ്റസ്ഥാപനം നടത്തിയിട്ടില്ലെന്നും ;

(ഘ) കരാർ രാഷ്ട്രത്തിലേക്കുള്ള തടവുകാരന്റെ കസ്റ്റഡിയുടെ കൈമാറ്റം ഭാരതത്തിന്റെ പരമാധികാരത്തിനും സുരക്ഷയ്ക്കും മറ്റു താത്പര്യങ്ങൾക്കും ഭംഗം വരുത്തുകയില്ലെന്നും,

ബോദ്ധ്യമാകുന്നപക്ഷം, തടവുകാരന്റെ അപേക്ഷ, കരാർ രാഷ്ട്രത്തിലേക്ക് അയച്ചുകൊടുക്കുന്നതിനുള്ള ഒരു ഉത്തരവ് പാസ്സാക്കേണ്ടതാണ്.

6. കരാർ രാഷ്ട്രത്തിന്റെ അഭിപ്രായങ്ങൾ.—(1) കേന്ദ്രസർക്കാർ, തടവുകാരന്റെ അപേക്ഷ, നിർണ്ണയിക്കപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിന് കരാർ രാഷ്ട്രത്തിലെ സർക്കാരിലേക്ക് താഴെപ്പറയുന്ന വിവരങ്ങൾ സഹിതം അയച്ചുകൊടുക്കേണ്ടതാണ്, അതായത്:—

(ക) തടവുകാരനെതിരായ ശിക്ഷാവിധി പാസ്സാക്കിയ വിധിന്യായത്തിന്റെ ഒരു പകർപ്പും, നിയമത്തിന്റെ പ്രസക്തമായ വ്യവസ്ഥകളുടെ ഒരു പകർപ്പും ;

(ഖ) തടവുകാരനെതിരായ ശിക്ഷാവിധിയുടെ സ്വഭാവം, കാലാവധി, ആരംഭ തീയതി എന്നിവയും ;

(ഗ) തടവുകാരന്റെ അപേക്ഷ തീർപ്പാക്കുന്നതിനോ തടവിന്റെ സ്വഭാവം തീരുമാനിക്കുന്നതിനോ സഹായമാകുന്ന മെഡിക്കൽ റിപ്പോർട്ടോ പൂർവ്വകാല ചരിത്രവും, സ്വഭാവവും സംബന്ധിക്കുന്ന മറ്റ് ഏതെങ്കിലും റിപ്പോർട്ടോ എന്നിവയും ;

(ഘ) കേന്ദ്രസർക്കാരിന് ആവശ്യമെന്ന് കരുതാവുന്ന മറ്റ് ഏതെങ്കിലും വിവരങ്ങൾ.

(2) കേന്ദ്രസർക്കാരിന് അയച്ചുകൊടുത്ത തടവുകാരന്റെ അപേക്ഷ, കരാർ രാഷ്ട്രം സ്വീകരിക്കുന്നപക്ഷം, കേന്ദ്രസർക്കാരിന്, തടവുകാരനെ കരാർ രാഷ്ട്രത്തിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള തീരുമാനമെടുക്കുന്നതിനുമുമ്പ്, അപ്രകാരമുള്ള കരാർ രാഷ്ട്രത്തോട് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ വിവരമോ രേഖകളോ ആവശ്യപ്പെടാവുന്നതാണ്, അതായത്:—

(ക) തടവുകാരൻ കരാർ രാഷ്ട്രത്തിലെ പൗരനാണെന്ന് സൂചിപ്പിക്കുന്ന രേഖ അല്ലെങ്കിൽ പത്രിക;

(ഖ) കരാർ രാഷ്ട്രത്തിലെ നിയമപ്രകാരം ഒരു പ്രവൃത്തിയോ കൃത്യവിലോപമോ കുറ്റമായിരുന്നാലെന്നപോലെ കണക്കാക്കി ഭാരതത്തിൽ ശിക്ഷാവിധി പാസ്സാക്കിയിട്ടുള്ളപക്ഷം, ആ പ്രവൃത്തിയോ കൃത്യവിലോപമോ പ്രസ്തുത രാഷ്ട്രത്തിൽ കുറ്റമാകുന്ന പ്രസക്തമായ നിയമത്തിന്റെ ഒരു പകർപ്പ്;

(ഗ) കരാർ രാഷ്ട്രത്തിൽ തടവുകാരന്റെ കൈമാറ്റത്തിനുശേഷം, തന്റെ ശിക്ഷാവിധി നടപ്പാക്കലും കാലാവധിയും സംബന്ധിച്ച വസ്തുതയുടെയോ ഏതെങ്കിലും നിയമത്തിന്റേയോ റഗുലേഷന്റെയോ ഒരു സ്റ്റേറ്റ്മെന്റ്;

(ഘ) തടവുകാരന്റെ കൈമാറ്റം സ്വീകരിക്കുന്നതിനുള്ള കരാർ രാഷ്ട്രത്തിന്റെ സന്നദ്ധതയും തടവുകാരന്റെ ശേഷിക്കുന്ന ശിക്ഷാകാലം നിർവ്വഹിക്കാമെന്ന ഉറപ്പ്;

(ങ) കേന്ദ്രസർക്കാർ നിർദ്ദേശിക്കാവുന്ന വ്യവസ്ഥകൾ പാലിക്കാമെന്ന ഉറപ്പ്;

(ച) കേന്ദ്രസർക്കാർ ആവശ്യമെന്ന് കരുതുന്ന മറ്റ് ഏതെങ്കിലും വിവരം അല്ലെങ്കിൽ രേഖ.

7. <u>കേന്ദ്രസർക്കാർ അപേക്ഷ പരിഗണിക്കൽ.</u>—(1) കേന്ദ്രസർക്കാർ ബന്ധപ്പെട്ട കരാർ രാഷ്ട്രത്തിൽ നിന്നും,—

(ക) തടവുകാരന്റെ കൈമാറ്റം സ്വീകരിക്കാമെന്ന് സൂചിപ്പിച്ചുകൊണ്ടുള്ള അതിന്റെ സന്നദ്ധതയും;

(ഖ) വാറണ്ടിൽ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന ഉറപ്പും,

അറിയിച്ചുകൊണ്ടുള്ള എഴുത്ത് ലഭിക്കുകയും തടവുകാരനെ പ്രസ്തുത രാഷ്ട്രത്തിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണെന്ന് ബോദ്ധ്യമാകുകയും ആണെങ്കിൽ, കേന്ദ്രസർക്കാരിന്, നിലവിലിരിക്കുന്ന ഏതൊരു നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും, 8-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള ഫാറത്തിൽ ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം വാറണ്ട് പുറപ്പെടുവിച്ചുകഴിഞ്ഞാൽ, കേന്ദ്രസർക്കാർ, കരാർ രാഷ്ട്രത്തിനെ അതനുസരിച്ച് അറിയിക്കേണ്ടതും, തടവുകാരന്റെ കസ്റ്റഡി ഭാരതത്തിനകത്ത് ഏതു സ്ഥലത്തുവച്ച് ഏതു വ്യക്തിയുടെ കൈവശമാണ് ഏല്പിച്ചുകൊടുക്കേണ്ടതെന്ന് വ്യക്തമാക്കാൻ ആ രാഷ്ട്രത്തോട് അഭ്യർത്ഥിക്കേണ്ടതുമാണ്.

8. <u>കൈമാറ്റം ചെയ്യുന്നതിന് വാറണ്ട് പുറപ്പെടുവിക്കുന്നതിനുള്ള വ്യവസ്ഥ.</u>—(1) കേന്ദ്ര സർക്കാർ, തടവുകാരന്റെ തടവു സ്ഥലത്തിൻമേൽ അധികാരിതയുള്ള സംസ്ഥാന സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസറെ, കാരാഗൃഹത്തിന്റെ ചുമതലയുള്ള ആഫീസറോട് തടവുകാരന്റെ കസ്റ്റഡി ഏതു കരാർ രാഷ്ട്രത്തിലേക്കാണോ കൈമാറേണ്ടത്, ആ രാഷ്ട്രം അധികാരപ്പെടുത്തിയ വ്യക്തിക്ക് തടവുകാരനെ സംബന്ധിക്കുന്ന എല്ലാ റിക്കാർഡുകളോടുംകൂടി വാറണ്ടിന്റെ ഒരു കോപ്പിയും കാരാഗൃഹത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് തടവുകാരനിൽ നിന്നും എടുത്തിട്ടുള്ള ധനസാമഗ്രികളും സമർപ്പിച്ചുകൊണ്ട് തടവുകാരനെ ഏല്പിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള വാറണ്ട് 7-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം കേന്ദ്രസർക്കാരിനുവേണ്ടി പുറപ്പെടുവിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വാറണ്ട് ഹാജരാക്കിയതിൻമേൽ, കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ആഫീസർ, താമസം കൂടാതെ വാറണ്ട് അനുസരിക്കേണ്ടതും, കാരാഗൃഹത്തിൽ നിന്നും നീക്കം ചെയ്യുന്ന തടവുകാരനെയും തടവുകാരനെ സംബന്ധിക്കുന്ന റിക്കാർഡുകളും കൈവശസാധനങ്ങളും ഏല്പിച്ചുകൊടുത്ത വ്യക്തിയുടെ ഒപ്പ് വാങ്ങിക്കേണ്ടതുമാകുന്നു.

(3) തടവുകാരനെ കൈമാറ്റം ചെയ്യുന്ന കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ആഫീസർ, (2)-ാം ഉപവകുപ്പുപ്രകാരം കരാർ രാഷ്ട്രം അധികാരപ്പെടുത്തിയ വ്യക്തിക്ക് തടവുകാരനെ ഏല്പിച്ചതിനുശേഷം, (1)-ാം ഉപവകുപ്പുപ്രകാരം കരാർ രാഷ്ട്രം അധികാരപ്പെടുത്തിയ വ്യക്തിക്ക് തടവുകാരനെ ഏല്പിച്ചുകൊടുത്തു എന്ന സ്റ്റേറ്റ്മെന്റോടുകൂടി തടവുകാരനെ കാരാഗൃഹത്തിലേക്ക് കമ്മിറ്റ് ചെയ്ത കോടതിക്ക് വാറണ്ടിന്റെ ഒരു കോപ്പി അയച്ചുകൊടുക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച വാറണ്ടിനനുസൃതമായി തടവുകാരനെ ഏല്പിച്ചുകൊടുക്കൽ, തടവുകാരനെ തന്റെ കസ്റ്റഡിയിൽ സൂക്ഷിക്കുന്ന ഉത്തരവാദിത്വത്തിൽനിന്നും, കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ആഫീസറെ ഒഴിവാക്കുന്നതാണ്.

9. വാറണ്ട് പ്രാവർത്തികമാക്കലും തടവുകാരനെ തിരിച്ചെടുക്കലും.—കരാർ രാഷ്ട്രം അധികാരപ്പെടുത്തിയ വ്യക്തിക്ക്, 8-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഏല്പിച്ചുകിട്ടിയ തടവുകാരനെ സ്വീകരിക്കുന്നതും കസ്റ്റഡിയിൽ വയ്ക്കുന്നതും ഭാരതത്തിന് പുറത്തുകൊണ്ടുപോകുന്നതും നിയമാനുസൃതമായിരിക്കുന്നതും, തടവുകാരൻ ഭാരതത്തിനകത്ത് അപ്രകാരമുള്ള കസ്റ്റഡിയിൽ നിന്നും രക്ഷപ്പെടുകയാണെങ്കിൽ ഏതൊരാൾക്കും ആ തടവുകാരനെ വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യാവുന്നതും, കാലതാമസം കൂടാതെ തടവുകാരനെ ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിലെ ചാർജ്ജുള്ള ആഫീസറെ ഏല്പിച്ചുകൊടുക്കേണ്ടതും, അപ്രകാരം അറസ്റ്റു ചെയ്യപ്പെട്ട തടവുകാരൻ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-ലെ 224-ാം വകുപ്പു പ്രകാരമുള്ള കുറ്റത്തിന് വിധേയനായിരിക്കുന്നതും 8-ാം വകുപ്പുപ്രകാരം ആ തടവുകാരന്റെ കസ്റ്റഡി ഏല്പിച്ചുകൊടുത്തിട്ടില്ലായിരുന്നെങ്കിലെന്നപോലെ ഭാരതത്തിൽ അപ്രകാരമുള്ള തടവുശിക്ഷയ്ക്ക് അർഹനായിരിക്കുന്നതുമാണ്.

10. റിക്കാർഡുകളുടെ കൈമാറ്റം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒരു കരാർ രാഷ്ട്രത്തിലേക്ക് ഒരു തടവുകാരനെ കൈമാറ്റം ചെയ്യുകയോ ചെയ്യേണ്ടതായോ ഉള്ളപക്ഷം, കേന്ദ്രസർക്കാരിന്, ഏതൊരു കോടതിയിൽ നിന്നോ ആഫീസിൽ നിന്നോ ആ തടവുകാരനെ സംബന്ധിക്കുന്ന നീതിന്യായ നടപടിയുൾപ്പെടെയുള്ള ഏതൊരു നടപടിയുടേയും റിക്കാർഡുകൾ ആവശ്യപ്പെടാവുന്നതും കരാർ രാഷ്ട്രത്തിലെ സർക്കാരിലേക്ക് ആ റിക്കാർഡുകൾ അയച്ചുകൊടുക്കാൻ നിർദ്ദേശിക്കാവുന്നതുമാണ്.

11. കോടതിയുടെയും കേന്ദ്രസർക്കാരിന്റെയും അധികാരങ്ങളെ ബാധിക്കുകയില്ലെന്ന്.—ഒരു തടവുകാരന്റെ, ഭാരതത്തിൽ നിന്നും കരാർ രാഷ്ട്രത്തിലേക്കുള്ള കൈമാറ്റം, വിധിന്യായം പാസ്സാക്കിയ കോടതിക്ക് അത് പുനഃപരിശോധിക്കുന്നതിനുള്ള അധികാരത്തെയും കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരിനോ വിധിന്യായം തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിനനുസൃതമായി നിറുത്തിവയ്ക്കുന്നതിനോ ഇളവു ചെയ്യുന്നതിനോ ലഘൂകരിക്കുന്നതിനോ ഉള്ള അധികാരത്തെയും ബാധിക്കുന്നതല്ല.

12. ഭാരതത്തിലേക്കുള്ള കൈമാറ്റം.—(1) കേന്ദ്രസർക്കാരിന്, ഒരു കരാർ രാഷ്ട്രത്തിൽ നിന്നും, ഏതെങ്കിലും തടവുശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭാരത പൗരനായ ഒരു തടവുകാരന്റെ കൈമാറ്റം, ഭാരതവും ആ രാഷ്ട്രവും തമ്മിൽ സമ്മതിച്ച പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു കൈമാറ്റത്തിനുള്ള അപേക്ഷ, കേന്ദ്രസർക്കാർ സ്വീകരിക്കുകയാണെങ്കിൽ അതിന്, തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതൊരു നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ 13-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി തടവുകാരനെ കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുന്നതിന് ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്.

13. ഭാരതത്തിൽ കൈമാറ്റം സ്വീകരിക്കുന്നതിനുവേണ്ടി കാരാഗൃഹം തീർച്ചപ്പെടുത്തലും വാറണ്ട് പുറപ്പെടുവിക്കലും.—(1) കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാരുമായി കൂടിയാലോചിച്ചതിനുശേഷം, അപ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ അധികാരാതിർത്തിക്കുള്ളിൽ, 12-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം വാറണ്ട് പുറപ്പെടുവിച്ചിട്ടുള്ള തടവുകാരനെ താമസിപ്പിക്കേണ്ട കാരാഗൃഹവും തടവുകാരനെ സ്വീകരിച്ച് കസ്റ്റഡിയിൽ വയ്ക്കുന്ന ആഫീസറെയും തീരുമാനിക്കേണ്ടതാണ്.

(2) കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസറെ, 12-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം വാറണ്ട് പുറപ്പെടുവിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതും, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആഫീസറോട് ആരെ സംബന്ധിച്ചാണോ വാറണ്ട് പുറപ്പെടുവിച്ചിട്ടുള്ളത്, ആ തടവുകാരനെ കസ്റ്റഡിയിൽ സ്വീകരിക്കുന്നതിനും സൂക്ഷിക്കുന്നതിനും നിർദ്ദേശിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ 12-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിച്ച വാറണ്ടിലെ നിർദ്ദേശപ്രകാരം ഏല്പിച്ചുകിട്ടിയ ഏതൊരു തടവുകാരനെയും സ്വീകരിക്കുന്നതും കസ്റ്റഡിയിൽ വയ്ക്കുന്നതും ആ തടവുകാരനെ പ്രസ്തുത വാറണ്ടിൻപ്രകാരം കൈകാര്യം ചെയ്യുന്നതിന് (1)-ാം ഉപവകുപ്പുപ്രകാരം തീരുമാനിച്ച ഏതൊരു കാരാഗൃഹത്തിലേക്കും അയയ്ക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും ആ തടവുകാരൻ അപ്രകാരമുള്ള കസ്റ്റഡിയിൽ നിന്നും രക്ഷപ്പെടുകയാണെങ്കിൽ, ആ തടവുകാരനെ വാറണ്ട് കൂടാതെ ഏതൊരാൾക്കും അറസ്റ്റു ചെയ്യാവുന്നതും കാലതാമസം കൂടാതെ ആ തടവുകാരനെ അടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ആഫീസർക്ക് ഏല്പിച്ചുകൊടുക്കേണ്ടതും അപ്രകാരം അറസ്റ്റു ചെയ്യപ്പെട്ട തടവുകാരൻ ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 1860 (1860-ലെ 45)-ലെ 224-ാം വകുപ്പു പ്രകാരമുള്ള കുറ്റത്തിന് വിധേയനായിരിക്കുന്നതും പ്രസ്തുത വാറണ്ടിനനുസൃതമായി കൈകാര്യം ചെയ്യുന്നതിന് വിധേയനായിരിക്കുന്നതുമാണ്.

(4) 12-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു വാറണ്ടിൽ—

(ക) തടവുകാരനെ കരാർ രാഷ്ട്രത്തിൽ നിന്നോ ഭാരതത്തിന് പുറത്തുള്ള ഒരു സ്ഥലത്തു നിന്നോ ഭാരതത്തിലേക്ക് കൊണ്ടുവരുന്നതിനും;

(ഖ) അപ്രകാരമുള്ള തടവുകാരനെ വാറണ്ടിലടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് പ്രാബല്യം നല്കാവുന്ന ഭാരതത്തിലെ ഒരു സ്ഥലമായ ഏതൊരു ഭാഗത്തുവച്ചും ഏറ്റെടുക്കുന്നതിനും;

(ഗ) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായി, തടവുകാരന്റെ തടവിന്റെ സ്വഭാവവും കാലാവധിയും വാറണ്ടിലടങ്ങിയേക്കാവുന്ന പ്രകാരമുള്ള രീതിയിൽ ആ തടവുകാരന്റെ ഭാരതത്തിലുള്ള തടവും;

(ഘ) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതൊരു സംഗതിയും,

വ്യവസ്ഥ ചെയ്യേണ്ടതാണ്.

(5) തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റ് ഏതൊരു നിയമത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും, 12-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വാറണ്ടിനനുസരിച്ചുള്ള ഒരു തടവുകാരന്റെ തടവ്, ഭാരതത്തിൽ അപ്രകാരമുള്ള തടവുശിക്ഷ പാസ്സാക്കാൻ അധികാരമുള്ള കോടതിയുടെ ശിക്ഷാവിധി പ്രകാരമുള്ള തടവായി കണക്കാക്കേണ്ടതാണ്.

(6) കരാർ രാഷ്ട്രത്തിൽ തടവുകാരനെതിരെ പാസ്സാക്കിയ തടവുശിക്ഷ അതിന്റെ സ്വഭാവം, കാലാവധി അല്ലെങ്കിൽ രണ്ടും ഭാരത നിയമവുമായി പൊരുത്തമില്ലാത്തതാണെങ്കിൽ, കേന്ദ്രസർക്കാർ, ഉത്തരവുവഴി, അപ്രകാരമുള്ള ശിക്ഷാവിധി, അതത് സംഗതിപോലെ, അതിന്റെ സ്വഭാവം, കാലാവധി അല്ലെങ്കിൽ രണ്ടും, പ്രസ്തുത കുറ്റം ഭാരതത്തിൽ ചെയ്തിരുന്നാലെന്നപോലെ, സാദൃശ്കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയോട് പൊരുത്തമായിരുന്നാലെന്നപോലെ അനുരൂപമാക്കേണ്ടതാണ്:

എന്നാൽ, അപ്രകാരം അനുരൂപമാക്കിയ ശിക്ഷാവിധി, സാദ്ധ്യമായിരിക്കുന്നിടത്തോളം തടവുകാരന് കരാർ രാഷ്ട്രത്തിലെ വിധിന്യായത്തിൽ ചുമത്തിയിട്ടുള്ള ശിക്ഷാവിധിക്ക് അനുരൂപമായിരിക്കേണ്ടതും അപ്രകാരം അനുരൂപമാക്കിയ ശിക്ഷാവിധി, ശിക്ഷയുടെ സ്വഭാവമോ കാലാവധിയോ അല്ലെങ്കിൽ രണ്ടുമോ, കരാർ രാഷ്ട്രത്തിൽ ചുമത്തിയിട്ടുള്ള ബന്ധപ്പെട്ട ശിക്ഷയിൽ അധികമാകാൻ പാടുള്ളതല്ല.

14. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങളിൽ, പ്രത്യേകിച്ചും, മേല്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി, അതായത്:—

(ക) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള അപേക്ഷ അയയ്ക്കേണ്ടതിന്റെ രീതിയും;

(ഖ) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കേണ്ട വാറണ്ടിന്റെ മാതൃകയും;

(ഗ) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കേണ്ട വാറണ്ടിന്റെ മാതൃകയും;

(ഘ) 13-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ഘ) ഖണ്ഡപ്രകാരം നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ഏതെങ്കിലും സംഗതിയും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

15. ചട്ടങ്ങളും മറ്റും മേശപ്പുറത്ത് വയ്ക്കൽ.—3-ാം വകുപ്പ് (1)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏതൊരു വിജ്ഞാപനവും, 14-ാം വകുപ്പുപ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയ ശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിൽ ഇരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും, ആ വിജ്ഞാപനത്തിലോ ചട്ടത്തിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ വിജ്ഞാപനമോ ചട്ടമോ ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ വിജ്ഞാപനത്തിനോ ചട്ടത്തിനോ, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ വിജ്ഞാപനത്തിന്റെയോ ചട്ടത്തിന്റെയോകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ ആയിരിക്കുന്നതാണ്.

16. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നല്കുന്നതിൽ എന്തെങ്കിലും വിഷമത ഉത്ഭവിക്കുന്നപക്ഷം, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി, ആ വിഷമത നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് അതിന് തോന്നുന്ന പ്രകാരം, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷക്കാലം കഴിഞ്ഞതിന് ശേഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ ഉത്തരവും, അതുണ്ടാക്കിയതിന് ശേഷം, കഴിയുന്നത്ര വേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

# THE REPATRIATION OF PRISONERS ACT, 2003

(Act No. 49 of 2003)

# തടവുകാരുടെ സ്വദേശ പ്രത്യാവർത്തന ആക്റ്റ്, 2003

(2003-ലെ 49-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | | |
|---|---|---|---|---|
| 1. | Contracting State | .. | കരാർ രാഷ്ട്രം | S. 2 (a) |
| 2. | Personal effects | .. | കൈവശ സാധനങ്ങൾ | S. 8 (2) |
| 3. | Reception | .. | സ്വീകരണം | Long Title |